**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2518** **15-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. പുനഃസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി. പുനഃസംഘടനാ പ്രവർത്തനങ്ങളുടെ (ചർച്ചകൾക്ക്) തുടർ നടപടികൾ ഏത് വരെയായെന്നും അത് എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (എ) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് നൽകിയ പഠന റിപ്പോർട്ടിലെ പുനഃസംഘടനാ ശുപാർശയിന്മേൽ തുടർനടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും വിവിധ തലത്തിലുള്ള പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷം റിപ്പോർട്ടിന്റെ കരട്, 24.03.2023-ന് സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.എല്ലിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം 32,235 ആയിരുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം കെ.എസ്.ഇ.ബി.എല്ലിലെ ജീവനക്കാരുടെ എണ്ണം 30,321 ആയി നിശ്ചയിക്കാൻ സർക്കാർ തത്വത്തിൽ സമ്മതിച്ചതായി 19.01.2024-ലെ കത്ത് പ്രകാരം കെ.എസ്.ഇ.ബി. എൽ. - നെ അറിയിക്കുകയുണ്ടായി. പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്താനുള്ള ബോർഡിന്റെ ആധുനികവൽക്കരണ ശ്രമങ്ങൾ കണക്കിലെടുത്ത്, ജീവനക്കാരുടെ പ്രാതിനിധ്യം യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുവാൻ ശ്രമിക്കണമെന്നും പ്രായോഗിക സമീപനം ഇക്കാര്യത്തിൽ പ്രസക്തമാണെന്നും കത്തിൽ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച്, ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശാനുസരണം, ചീഫ് എഞ്ചിനീയർ (HRM), എല്ലാ തസ്തികകളുടെയും ആകെ അംഗസംഖ്യ 30,321 ആയി നിശ്ചയിച്ചുകൊണ്ട് കരട് നിർദ്ദേശം സമർപ്പിച്ചിരുന്നു. തുടർന്ന് 02.03.2024 ലെ ഉത്തരവ് പ്രകാരം, ചീഫ് എഞ്ചിനീയർ (HRM) ചെയർ പേഴ്സണായും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (HRM) കൺവീനറായും ഒരു കമ്മിറ്റി കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപീകരിക്കുകയും, ട്രേഡ് യൂണിയനുകളുമായും അസോസിയേഷനുകളുമായും ചർച്ച ചെയ്യുന്നതിന് മുൻപ്, ചീഫ് എഞ്ചിനീയർ (HRM) സമർപ്പിച്ച കരട് |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ പ്രകാരമുള്ള സ്റ്റാഫ് ഫിക്സേഷൻ വിശദമായി പരിശോധിക്കുവാനും പുതിയ റിപ്പോർട്ട് സമർപ്പിക്കുവാനും ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം തുടർ നടപടികളും ട്രേഡ് യൂണിയനുകളുമായുള്ള ചർച്ചയും പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ